106 (1961) പെൻഷൻ ബോർഡിലെ ജീവനക്കാരന്റെ സസ്പെൻഷൻ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ആരെയെങ്കിലും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആരെയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) സസ്പെന്റ് ചെയ്യപ്പെട്ട വ്യക്തിക്കെതിരെ ഏത് രീതിയിലുള്ള അന്വേഷണമാണ് നടത്തുന്നത്; വിശദവിവരം നൽകുമോ;

(ഡി) നടപടിക്ക് വിധേയനായ ആളെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൂപ്രണ്ടായി ജോലി നോക്കിയിരുന്ന ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ശ്രീ. എ. ശ്രീകുമാറിനെയാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്.

(ബി) പെൻഷൻ ബോർഡ് സെക്രട്ടറിയോട് അപമര്യാദയായി സംസാരിക്കുകയും ടിയാനെ കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ

(സി) കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള വകുപ്പുതല അന്വേഷണമാണ് നടത്തുന്നത്.

(ഡി) ഉണ്ട്. ശിക്ഷണ നടപടിക്കു ഭംഗം വരാത്ത രീതിയിൽ ഇദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുത്ത് പത്തനംതിട്ട ജോയിന്റ് രജിസ്ട്രാറുടെ (ജനറൽ) നിയന്ത്രണത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

107 (1962) സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ എത്രപേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടത്തിയത്;

(ബി) ഇതിൽ എത്രപേരെ പിരിച്ചുവിട്ടു എന്ന് വെളിപ്പെടുത്തുമോ; എത്രപേർ സർവ്വീസിൽ തുടരുന്നുണ്ട്;

(സി) പിരിച്ചുവിടാനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു. ഈ കാരണങ്ങൾ പിരിച്ചുവിടാതെ സർവ്വീസിൽ തുടരുന്നവരുടെ കാര്യത്തിൽ ബാധകമാണോ; ഏതെല്ലാം കാരണങ്ങൾ അവർക്ക് ബാധകമാണ്;

LIBRARY ARCHIVES Kerala Legislative Assembly